**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 475** **10-02-2025 - ൽ മറുപടിയ്ക്ക്**

**മത്സ്യമേഖല വികസനത്തിന് ചെലവഴിച്ച തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യങ്ങൾക്കും മാനവ വികസനത്തിനുമായി നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക എത്രയാണ്; ഇതിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ? | (എ) | **അടിസ്ഥാന സൗകര്യവികസനം**<br><br>തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ കടലാക്രമണ ഭീഷണിയിൽ കഴിയുന്ന മുഴുവൻ ജനവിഭാഗങ്ങളേയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിന് പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് വഴി നടപ്പിലാക്കുന്ന പുനർഗേഹം പദ്ധതിക്കും, വകുപ്പ് വഴി തീരദേശ മേഖലയിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾക്കു മായി 2024-25 സാമ്പത്തിക വർഷം 84.35 കോടി (ബഡ്ജറ്റ് വിഹിതം 60 കോടി രൂപയും അധിക ധനാനുമതി മുഖേന 24.35 കോടി രൂപയും ഉൾപ്പടെ) അനുവദിക്കുകയും അതിൽ നിന്നും 70.19 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.<br><br>**മാനവശേഷി വികസനം**<br><br>ഫിഷറീസ് വകുപ്പ് വഴി മാനവശേഷി വികസനം എന്ന ഘടകത്തിൽ സാഫ്, വിദ്യാതീരം, തീരോന്നതി, പലിശ രഹിത വായ്പ തുടങ്ങിയ ഘടകങ്ങൾക്കായി 2024-25 സാമ്പത്തിക വർഷം 40 കോടി അനുവദിക്കുകയും അതിൽ നിന്നും 14.43 കോടി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ